# മ്യൂച്വൽഫണ്ടിൽ ലാഭം വർധിപ്പിക്കാൻ 5 തന്ത്രങ്ങൾ

MUTUAL FUNDS



**ഡോ.രേണു പോത്തൻ**
റിസർച്ച് ഹെഡ്, ഫെയർവെൽത്ത് ഫിനാൻഷ്യൽ
ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

## 1

### ഒറ്റയടിക്കു പണം നിക്ഷേപിക്കരുത്

ഓഹരി വിപണിയിൽ മുഴുവൻ പണവും ഇറക്കിക്കൊണ്ടിരിക്കുകയാണ് ചിലർ. ഓഹരി വിപണി എന്നും ഇതേപോലെ ഒരേ രീതിയിൽ കയറിക്കൊണ്ടിരിക്കണം എന്നില്ല. നിശ്ചിത സമയം കഴിഞ്ഞാൽ ഇടിവുണ്ടാകാം. വീണ്ടും കയറാം. മുഴുവൻ പണവും ഒരുമിച്ചു മ്യൂച്വൽ ഫണ്ടിൽ ഇട്ടാൽ പെട്ടെന്ന് ഒരു നഷ്ടം വന്നാൽ നിങ്ങൾക്കു താങ്ങാനുള്ള ശക്തിയുണ്ടാകില്ല. അതുകൊണ്ട് നിങ്ങളുടെ സാമ്പത്തികലക്ഷ്യം എന്താണെന്ന് ആദ്യം തന്നെ നിങ്ങൾ തിരിച്ചറിയുക. രണ്ടു വർഷത്തിനുള്ളിൽ വീടു വാങ്ങണം എന്ന് ആഗ്രഹിക്കുന്നയാൾ മുഴുവൻ പണവും ഓഹരികളിലോ മ്യൂച്വൽ ഫണ്ടിലോ ഇടരുത്. കടപ്പത്രങ്ങളിലും മറ്റും നിക്ഷേപിക്കുന്ന ഡെറ്റ്ഫണ്ടുകളിലും നിക്ഷേപിക്കണം. നിക്ഷേപിക്കുന്ന പണം ദീർഘകാലം കഴിഞ്ഞുമതിയെങ്കിൽ ഓഹരി മ്യൂച്വൽ ഫണ്ടിലും പെട്ടെന്നു വേണമെങ്കിൽ ഡെറ്റ് ഫണ്ടുകളിലും നിക്ഷേപിക്കുക.

## 2

### ഇപ്പോൾ വിറ്റ് ലാഭമെടുക്കരുത്

ഉടൻ പണത്തിന് ആവശ്യമുണ്ടെങ്കിൽ ഇപ്പോഴത്തെ ഓഹരി വിപണിയിലെ ഉയർച്ചയിൽ വിറ്റ് ലാഭമെടുക്കാം. പണത്തിന് ആവശ്യമില്ലെങ്കിൽ വിപണി ഇനി ഇടിഞ്ഞാലോ എന്നു സംശയിച്ച് ലാഭത്തിലായവ വിറ്റൊഴിച്ച് ലാഭമെടുക്കരുതിപ്പോൾ. അഞ്ചു വർഷത്തിനുശേഷം പലരുടെയും ഫണ്ടുകൾ ലാഭത്തിലായിട്ടുണ്ടാകും. വിപണി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന സമയമാണിപ്പോൾ. ഈ സമയത്ത് ഓഹരികൾ വിറ്റ്, ലാഭമെടുത്തു കേവലം നാലു ശതമാനം ലാഭം കിട്ടുന്ന ഉപാധികളിൽ നിക്ഷേപിക്കുന്നത് ഉചിതമല്ല. വരാൻ പോകുന്ന വലിയൊരു നേട്ടമാണ് അവർ ഉപേക്ഷിക്കുന്നത്.

**ഓഹരി വിപണിയുടെ കുതിപ്പിൽ നിക്ഷേപകർ അൽപ്പം ശ്രദ്ധിച്ചാൽ മ്യൂച്വൽ ഫണ്ടിൽ നിന്നുള്ള നേട്ടം ഇരട്ടിപ്പിക്കാം**



## 3

### നിക്ഷേപിക്കാൻ നല്ല സമയം കാത്തിരിക്കേണ്ട

കഴിഞ്ഞ തിരഞ്ഞെടുപ്പിനു മുൻപ് ജനങ്ങൾ ആശയക്കുഴപ്പത്തിലായിരുന്നു. വ്യക്തമായ ഭൂരിപക്ഷമില്ലാത്ത ഗവൺമെന്റാണെങ്കിൽ നില പരുങ്ങലിലാകില്ലേ? ഇത്തരം ചിന്തകളാൽ പലരും നിക്ഷേപിക്കുവാൻ മടിച്ചു. തിരഞ്ഞെടുപ്പു കഴിഞ്ഞു ഓഹരി, മ്യൂച്വൽ ഫണ്ട് വിലകൾ കുതിച്ചുയർന്നു. അവസരം നഷ്ടപ്പെട്ടതോർത്ത് ഇവർ ദുഖിച്ചു. ഇനി ജനങ്ങൾ ഓഹരി വിപണിയിൽ ഒരു തിരുത്തൽ ഉണ്ടാകുവാനുള്ള കാത്തിരിപ്പിലാണ്. മൺസൂൺ മോശമാവുകയോ ആഗോളതലത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുകയോ ചെയ്താൽ വിപണിയിൽ ഒരു തിരുത്തൽ ഉറപ്പാണ്. അങ്ങനെ വന്നാൽ അധിക ഫണ്ട് മുഴുവനും ഓഹരിയിൽ നിക്ഷേപിക്കാനുള്ള തയാറെടുപ്പിൽ ഇരിക്കുന്നവർ ഉണ്ട്. എപ്പോഴാണു നല്ല സമയം എന്നു നോക്കിയിരുന്നു വിലയേറിയ അവസരം നിങ്ങൾ നഷ്ടപ്പെടുത്തരുത്. കയ്യിലുള്ള തുക കുറേശ്ശയായി നിക്ഷേപിച്ചുകൊണ്ടിരിക്കുക.

## 4



### മിഡ് ക്യാപ്പിനു പകരം ലാർജ് ക്യാപ്

ഓഹരി വിപണി കയറിത്തുടങ്ങുമ്പോൾ മിഡ്ക്യാപ് ഫണ്ടുകളുടെ മൂല്യം ഉയരും. അപ്പോൾ പണം മുഴുവനും മിഡ് ക്യാപ് ഫണ്ടുകളിൽ നിക്ഷേപിച്ചാലെന്താണെന്ന സംശയത്തിലാകും നിക്ഷേപകർ.

നിങ്ങൾ റിസ്ക് എടുക്കാൻ താൽപ്പര്യമില്ലാത്ത ഒരു നിക്ഷേപകനാണെങ്കിൽ ഒരിക്കലും മിഡ് ക്യാപ് ഫണ്ടിൽ നിക്ഷേപിക്കരുത്. കാരണം, വളരെ അപകടം പിടിച്ചവയാണു മിഡ് ക്യാപ് ഫണ്ടുകൾ. ചില സമയത്ത് വല്ലാത്ത ചാഞ്ചാട്ടമാകും ഈ ഫണ്ടുകൾക്ക്. അത് ഒരിക്കലും നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്തവിധം ഭീകരമായിരിക്കും. നിങ്ങൾ എപ്പോഴും ലാർജ് ക്യാപ് ഫണ്ടുകൾ തിരഞ്ഞെടുക്കുന്നതാണു ബുദ്ധി. റിസ്ക് എടുക്കാൻ താൽപ്പര്യമുള്ളവർക്കു മിഡ് ക്യാപ് ഫണ്ടുകളിൽ നിക്ഷേപിക്കാം. മിഡ് ക്യാപ് ഫണ്ടകളുടെ കയറ്റം എത്രനാൾ ഉണ്ടാകുമെന്നാണ് ഇത്തരക്കാരുടെ അടുത്ത സംശയം. ഒരു കാര്യം ഓർക്കുക - 2008നുശേഷം മിഡ് ക്യാപ് ഫണ്ടുകൾ ആ നിലവാരത്തിൽ എത്തിയിട്ടില്ല. ഇനിയും ഏറെ മുന്നോട്ടു പോയെങ്കിൽ മാത്രമേ പഴയ നിലയിലെത്തൂ.



## 5

### മികച്ച സാധ്യതയുള്ള മേഖലകൾ കണ്ടുപിടിക്കുക

ബാങ്കിങ്, അടിസ്ഥാന സൗകര്യ വികസന(ഇൻഫ്രാ) മേഖലകൾ ഇപ്പോൾ നിക്ഷേപത്തിന് ഏറ്റവും അനുയോജ്യമാണ്. മോദി ഗവൺമെൻറ് വികസനത്തിനു കൂടുതൽ പ്രാധാന്യം നൽകുമെന്നാണ് ഇതേവരെയുള്ള നടപടികളിൽ നിന്നു വ്യക്തമാകുന്നത്. അങ്ങനെയെങ്കിൽ അടിസ്ഥാനസൗകര്യ മേഖലയിൽ അദ്ദേഹം കൈവയ്ക്കും. ഈ മേഖലയുടെ വികസനത്തിനാവശ്യമുള്ള പണത്തിനു ബാങ്കുകളെയാകും സമീപിക്കുക. ഇതു ബാങ്കിങ് മേഖലയ്ക്കു ഗുണമാകും. ഈ മേഖലയിലുള്ള വിവിധ കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കുന്ന ഫണ്ടുകൾ തിരഞ്ഞെടുക്കാം.

വലിയ രീതിയിൽ റിസ്ക് എടുക്കുവാൻ താൽപ്പര്യമുള്ളവർ മാത്രം സെക്ടറൽ ഫണ്ടുകളിൽ നിക്ഷേപിച്ചാൽ മതി. സമയമെടുത്തേ ഇത്തരം ഫണ്ടുകൾ ലാഭം നൽകൂ. മോദിയുടെ നീക്കങ്ങൾ, മൺസൂൺ വ്യതിയാനങ്ങൾ, രഘുറാം രാജന്റെ തീരുമാനങ്ങൾ, കേന്ദ്ര ബജറ്റ് എന്നിവയെല്ലാം ചേർന്നാവും 2014-ന്റെ രണ്ടാംപകുതിയിൽ ഓഹരി വിപണിയുടെ ഗതി നിയന്ത്രിക്കുക.